**കേരള നിയമസഭ**
02.07.2014–ലെ മറുപടിക്ക്

<u>ജലസുരക്ഷാ പദ്ധതി</u>

5668 ശ്രീ. പി. സി. വിഷ്ണുനാഥ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' ലൂഡി ലൂയിസ്
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസുരക്ഷാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) വരൾച്ച പ്രതിരോധിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ തടയണകളുടെ നിര്‍മ്മാണം</u>

5669 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 ബഡ്ജറ്റില്‍ പ്രഖ്യാപിച്ച തടയണകള്‍ നിര്‍മ്മിക്കുന്നതിനുള്ള പ്രവൃത്തികള്‍ക്ക് ഇതുവരെ എത്ര രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തില്‍ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികള്‍ക്ക് കണ്ണൂര്‍ ജില്ലയില്‍നിന്ന് മേജര്‍ ഇറിഗേഷന്‍, മൈനര്‍ ഇറിഗേഷന്‍ വിഭാഗങ്ങളില്‍ ഏതെല്ലാം പ്രവൃത്തികളാണ് നിര്‍ദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) നിര്‍ദ്ദേശിക്കപ്പെട്ട പ്രവൃത്തികളില്‍ എത്രയെണ്ണത്തിനാണ് കണ്ണൂര്‍ ജില്ലയില്‍ ഭരണാനുമതി നല്‍കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
02.07.2014–ലെ മറുപടിക്ക്

ഷൊർണ്ണൂർ മണ്ഡലത്തിലെ തടയണ നിർമ്മാണം

5670 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള തടയണകൾ മൂലം എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) 2014–15–ൽ എത്ര തടയണകൾ കൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; ആയതിലേക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) കൊച്ചി പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും; ഇതിന് ആകെ അനുവദിച്ച തുക എത്ര; എത്ര തുക നാളിതുവരെ ചെലവഴിച്ചു; ബാക്കി ആവശ്യമായ തുക അനുവദിച്ച് തടയണയുടെ പ്രവർത്തനം കമ്മീഷൻ ചെയ്യാൻ സത്വരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തടയണ പൂർത്തീകരിക്കുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) ഷൊർണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട വാണിയംകുളം ഗ്രാമപഞ്ചായത്തിലെ മാന്നന്നൂർ തടയണയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ അടങ്കൽ തുക എത്ര; നാളിതുവരെ എത്ര തുക അനുവദിച്ചു; ഇതിൽ എത്ര തുക ചെലവഴിച്ചു; പ്രസ്തുത തടയണ എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ സാധിക്കും; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിക്കും; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിൽ തടയണയുടെ നിർമ്മാണം</u>

5671 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്കുകുറുകെ ചെറുതുരുത്തിയിൽ നിർമ്മാണം ആരംഭിച്ച തടയണയുടെ പണി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തടയണയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും തുടക്കത്തിൽ ഭരണാനുമതി നൽകിയത് എന്ത് തുകയ്ക്കാണെന്നും ഇതേവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) തടയണയുടെ നിർമ്മാണം തടസ്സപ്പെടാനുള്ള കാരണങ്ങളെന്താണെന്ന തടസ്സങ്ങൾ മാറ്റി പണി പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ;

(ഡി) തടയണ നിർമ്മാണം പുനരാംരഭിക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എത്ര അവലോകനയോഗങ്ങൾ നടന്നുവെന്നും ഏറ്റവും ഒടുവിലായി കൂടിയ യോഗമെന്നാണെന്നും ആ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ഇ) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ചാലക്കുടിപ്പുഴയിൽ സ്റ്റോറേജ് ഡാം നിർമ്മാണം</u>

5672 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിക്ക് മുകളിലായി സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ആക്ഷൻ പ്ലാനിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്ന് എന്തെങ്കിലും ചെലവുകൾ ഇതിനായി നടത്തിയിട്ടുണ്ടോ;

(സി) ഇൻവെസ്റ്റിഗേഷൻ നടപടിയുടെ നിർദ്ദേശാനുസരണം സ്റ്റോറേജ് ഡാമിന്റെ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

**വയനാട് ജില്ലയിൽ ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി**

5673 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്കുഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) വയനാട്ടിലെ ഭൂപ്രകൃതിക്ക് അനുയോജ്യമായ വിധത്തിൽ ചെക്കുഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ അനുവദിച്ച ചെക്കുഡാമുകൾ</u>

5674 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര ചെക്ക്ഡാമുകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) ചെക്ക്ഡാമുകൾ അനുവദിച്ച പഞ്ചായത്തുകളുടെ പേര്, അനുവദിച്ച സ്ഥലം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) എം.എൽ.എ.മാർ നിർദ്ദേശിച്ച ചെക്കുഡാമുകൾ അനുവദിക്കുമ്പോൾ പ്രസ്തുതവിവരം എം.എൽ.എ.മാരെ അറിയിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
02.07.2014-ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

5675 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ പുതുതായി നടപ്പിലാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുകയോ പണി നടത്തുകയോ ചെയ്യുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്ന് നിയോജകമണ്ഡലം തിരിച്ച് അറിയിക്കുമോ;

(സി) വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയാക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ അറിയിക്കുമോ;

(ഡി) കൃഷിക്ക് പ്രയോജനകരവും അത്യാന്താപേക്ഷിതവുമായ പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം, കൂട്ടായി റെഗുലേറ്ററിന്റെ അപ്രോച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി</u>

5676 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂട്ടായി റഗുലേറ്ററിന്റെ അപ്രോച്ച് റോഡ് ഗതാഗത യോഗ്യമല്ലാത്തവിധം തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് മലപ്പുറം മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നോ;

(സി) പ്രസ്തുത പ്രൊപ്പോസൽ ഫണ്ട് ഇല്ലെന്നുപറഞ്ഞ് ചീഫ് എഞ്ചിനീയർ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തിരിച്ചയച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റെഗുലേറ്റർ കം റോഡിന്റെ അപ്രോച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കനോലി കനാലിന്റെ വെളികോട്ട് ഭാഗത്ത് ലോക്ക്/ബ്രിഡ്ജ് നിർമ്മാണം</u>

5677 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട് ലോക്കും ബ്രിഡ്ജും ഇല്ലാത്തതുമൂലം കനോലികനാലിലെ 12 കി.മീ നീളത്തിലുള്ള പ്രദേശങ്ങളിലെ അനേകം കുടുംബങ്ങൾക്ക് ഉപ്പുവെള്ളമാണ് ലഭിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി 2014-15 ലെ ഭരണാനുമതിയുള്ള പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണ്;

(ഡി) ടെണ്ടർ നടപടികൾക്കായുള്ള 20% തുക സർക്കാർ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>എരമം-കുറ്റൂർ പഞ്ചായത്തിൽ തോക്കാട് തോടിന് കുറുകെയുള്ള വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം</u>

5678 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ തോക്കാട് തോടിന് കുറുകെയുള്ള വി.സി. ബി.കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത വി.സി.ബി. നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**എരമം-കുറ്റൂർ പഞ്ചായത്തിലെ പേരൂർ തോടിന് കുറുകെയുള്ള വി. സി. ബി. യുടെ പുനഃനിർമ്മാണം**

5679 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ പേരൂർ തോടിന് കുറുകെ പേരൂർ ശിവക്ഷേത്രത്തിനു സമീപമുള്ള വി. സി. ബി. യുടെ പുനഃനിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ

02.07.2014–ലെ മറുപടിക്ക്

കരിങ്കുഴി തോടിനു കുറുകെയുള്ള
റെഗുലേറ്റർ– കം– ബ്രിഡ്ജ്

5680 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കാങ്കോൽ – ആലപ്പടമ്പ് പഞ്ചായത്തിൽ കരിങ്കുഴി തോടിനു കുറുകെയുള്ള റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത റെഗുലേറ്റർ –കം– ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

<u>പെരിഞ്ചേരിക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ്</u>

5681 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ പെരിഞ്ചേരിക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

കുറ്റ്യാടി ഇറിഗേഷൻ കനാലുകൾ

5682 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ടെയിൽ എൻഡുകളിൽ കനാലുകൾ തുറക്കുമ്പോൾ വെള്ളം എത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) കനാലുകളിൽ മുഴുവനായും വെള്ളം എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>കാനത്തോട് റെഗുലേറ്റർ – കം – ബ്രിഡ്ജ്</u>

5683 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാനത്തോട് റെഗുലേറ്റർ – കം – ബ്രിഡ്ജ് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവൃത്തി ആരംഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ടെങ്കിൽ, തടസ്സങ്ങൾ നീക്കി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാനാകും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ഓടൻചിറ റെഗുലേറ്റർ -കം-ബ്രിഡ്ജ്</u>

5684 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓടൻചിറ റെഗുലേറ്റർ-കം-ബ്രിഡ്ജ് കാലപ്പഴക്കത്താൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേടുപാടുകൾ തീർക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

ഏറനാട് മണ്ഡലത്തിലെ പന്നിപ്പാറ പള്ളിമുക്ക് റെഗുലേറ്റര്‍ കം ബ്രിഡ്ജ്

5685 ശ്രീ. പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏറനാട് മണ്ഡലത്തിലെ പന്നിപ്പാറ പള്ളിമുക്ക് റെഗുലേറ്റര്‍ കം ബ്രിഡ്ജിന് ഭരണാനുമതി നലകിയിട്ടുണ്ടോ യെന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കില്‍ ആയതിനുള്ള നടപടി ഇപ്പോള്‍ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിക്കായി ഐ.ഡി.ആര്‍.ബി. ചീഫ് എഞ്ചിനീയര്‍ തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തില്‍ ഭരണാനുമതി നല്‍കാന്‍ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കടമ്പ്രയാറിൽ കോഴിച്ചിറയ്ക്ക് കുറുകെയുള്ള ലോക്ക് - കം - റെഗുലേറ്റർ നിർമ്മാണം</u>

5686 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമ്പ്രയാറിൽ കോഴിച്ചിറയ്ക്ക് കുറുകെയുള്ള ലോക് - കം - റെഗുലേറ്റർ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റെഗുലേറ്റർ നിർമ്മാണം എന്ന് തുടങ്ങാനാണ് ഉദ്ദേശിച്ചിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ ഇറിഗേഷൻ പദ്ധതികൾ</u>

5687 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷം നടപ്പിലാക്കിയ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും ഓരോ വർഷവും നീക്കിവച്ച തുക എത്രയെന്ന് അറിയിക്കുമോ; ഏതെല്ലാം ഫണ്ടുകളിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും നീക്കിവച്ച തുകയിൽ ഓരോ വർഷവും ചെലവായ തുക ഫണ്ട് തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയ
ഇറിഗേഷൻ പദ്ധതികൾ

5688 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിക്കും നീക്കിവച്ചിട്ടുണ്ടായിരുന്ന തുക എത്രയെന്നും ആയവ ഏതെല്ലാം ഫണ്ട് വിനിയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളതെന്നുമുള്ള വാർഷികാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വൈപ്പിന്‍ മണ്ഡലത്തില്‍ 2013-14 സാമ്പത്തിക വര്‍ഷത്തില്‍ ഭരണാനുമതി നല്‍കിയ പ്രവൃത്തികള്‍</u>

5689 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തില്‍ 2013-14 സാമ്പത്തിക വര്‍ഷത്തില്‍ ഭരണാനുമതി നല്‍കിയ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിക്കാത്ത എത്ര പ്രവൃത്തികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തികള്‍ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പദ്ധതികൾ

5690 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വകുപ്പിന്റെ നോൺപ്ലാൻ ഫണ്ടുപയോഗിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 2011-12, 2012-13, 2013-2014 വർഷങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഓരോ പദ്ധതിക്കും വകയിരുത്തിയ തുക വർഷം തിരിച്ച് വിശദമായി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) ചെറുകിട ജലസേചന വകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2011-12, 2012-13, 2013-2014 വർഷങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും വകയിരുത്തിയ തുക വർഷം തിരിച്ച് വിശദമായി വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ഇ) ചെറുകിട ജലസേചന വകുപ്പ് പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ 2014-2015 വർഷം കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും നിക്കിവച്ച തുക എത്ര; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>എ.സി കനാലിന്റെ മനക്കച്ചിറമുതൽ ഒന്നാംകരവരെയുള്ള പുനരുദ്ധാരണം</u>

5691 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി എ.സി. കനാലിന്റെ മനക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള 11.72 കി.മി. ഭാഗത്തിന്റെ പുനരുദ്ധാരണം എത്രത്തോളം പൂർത്തീകരിച്ചുവെന്നുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കിടങ്ങറയിലുള്ള പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വിശദമാക്കുമോ;

(സി) 5.8 കോടി രൂപ ചെലവഴിച്ച് മനക്കച്ചിറ മുതൽ ഒന്നാം കര വരെ ചെയ്യുന്ന പ്രവൃത്തികളിൽ എന്തെല്ലാം പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>എഫ്.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള</u>
<u>പാടശേഖരങ്ങളുടെ നിർമ്മാണം</u>

5692 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിലെ എഫ്.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 397 പാടശേഖരങ്ങൾ ടെൻഡർ ചെയ്തതിൽ ഏതെല്ലാം പാടശേഖരങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ റീടെൻഡർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുത്തിട്ടില്ലെന്ന് വിശദമാക്കാമോ;

(സി) കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികൾക്ക് അധികനിരക്കിലുള്ള ടെൻഡറുകൾ അനുവദിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജ് കെ.ഇ.എൻ I, II പദ്ധതി പ്രവൃത്തികൾ

5693 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ കെ.ഇ.എൽ. I-ൽ ഉൾപ്പെടുത്തിയിരുന്ന നെടുമുടി പഞ്ചായത്തിലെ പതിനാല് പാടശേഖരങ്ങളുടെ നിർമ്മാണ പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും ഏതെല്ലാം നടപ്പിലാക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ കാലാവധി 31.05.2014 ന് ശേഷം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ബാക്കി പൂർത്തീകരിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്ന് എത്ര തുക അനുവദിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.ഇ.എൽ.II പദ്ധതിയിലെ അഞ്ച് പാടശേഖരങ്ങളിലെ എത്രത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കൈനകരി, നെടുമുടി പ്രദേശങ്ങളിലെ</u>
<u>10000(lph) ആർ.ഒ. പ്ലാന്റ് നിർമ്മാണം</u>

5694 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൈനകരി, നെടുമുടി പ്രദേശങ്ങളിൽ 10000 (lph) ആർ.ഒ. പ്ലാന്റ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മിഷന്‍ 676-ല്‍ ഉള്‍പ്പെടുത്തിയ പദ്ധതികള്‍</u>

5695 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'മിഷന്‍ 676'-ല്‍ ഉള്‍പ്പെടുത്തി ജലവിഭവ വകുപ്പില്‍ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തുതുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകളിൽ വാട്ടർ ആന്റ്
സാനിട്ടേഷൻ സെന്ററുകൾ</u>

5696 ശ്രീ. എം.എ. വാഹീദ്
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവൃത്തികൾക്കായി സഹകരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കുഴൽക്കിണർ ഏജൻസികൾക്ക് നിയന്ത്രണം</u>

5697 ശ്രീ.എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, എ. റ്റി ജോർജ്
,, പി. എ മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂജലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കുഴൽക്കിണർ ഏജൻസികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏജൻസികളുടെ രജിസ്ട്രേഷൻ, അവർ കുഴിക്കുന്ന കിണറുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അധികൃതരെ ഏൽപ്പിക്കുന്നത് നിർബന്ധിതമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി ഏന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>ചിറകളിലെയും പാറമടകളിലെയും വെള്ളം</u>

5698 ശ്രീ. കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, എ.റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറകളിലെയും പാറമടകളിലെയും വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളമായി നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ എന്താണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കുപ്പിവെള്ള ഫാക്ടറി</u>

5699 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ കുപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുന്നത് എവിടെയാണെന്ന് അറിയിക്കുമോ;

(ബി) പ്രതിദിനം എത്ര കുപ്പിവെള്ളം ഉല്പാദിപ്പിക്കാൻ കഴിയുന്ന പ്ലാന്റാണ് സ്ഥാപിക്കുന്നത്;

(സി) പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഫാക്ടറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) കുപ്പിവെള്ളത്തിന്റെ വിപണനം എപ്രകാരമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യ കുടിവെള്ള വിതരണക്കാർ</u>

5700 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ടാങ്കർ ലോറികളിലും മറ്റുമായി കുടിവെള്ളവിതരണം നടത്തുന്ന എത്ര ഏജൻസികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്വകാര്യ കുടിവെള്ളവിതരണ ഏജൻസികൾ ജലം സംഭരിക്കുന്നത് മലിനമായ ജലസ്രോതസ്സുകളിൽനിന്നുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിവെള്ള വിതരണം നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളെ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ടാങ്കർ ലോറികളിലും മറ്റുമായി കുടിവെള്ള വിതരണം നടത്തുന്ന സ്ഥാപനങ്ങൾ ഗുണനിലവാരമുള്ള കുടിവെള്ളം തന്നെയാണ് വിതരണം നടത്തുന്നത് എന്നുറപ്പുവരുത്തുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഗുണനിലവാരം കുറഞ്ഞ ജലം ടാങ്കർ ലോറികൾ വഴി വിതരണം ചെയ്തതിന് ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) സ്വകാര്യ വ്യക്തികൾക്കും/സ്ഥാപനങ്ങൾക്കും കുടിവെള്ളം ടാങ്കറിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുമായി സഹകരിച്ചുകൊണ്ട് ചെറുകിട കുടിവെള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി</u>

5701 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളപ്രശ്നം രൂക്ഷമായിരിക്കുകയും ശുദ്ധജല ദൗർലഭ്യം നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ ചെറുകിട കുടിവെള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തയ്യാറായിവരുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായവും പ്രോത്സാഹനവുമാണ് നൽകുന്നത്;

(ബി) വ്യക്തികൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കും നൽകുന്ന പരിഗണന സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണസ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് വിജയകരമായി നടത്താൻ കഴിയുമെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സഹകരണസംഘങ്ങളുമായി സഹകരിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>അരുവിക്കര കുടിവെള്ള ബോട്ടലിങ്ങ് പ്ലാന്റ്</u>

5702 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരുവിക്കര കുടിവെള്ള ബോട്ടലിങ്ങ് പ്ലാന്റ് നിര്‍മ്മാണത്തില്‍ നിന്ന് സര്‍ക്കാര്‍ പിന്‍മാറാനിടയായതിന്റെ കാരണം അറിയിക്കുമോ ;

(ബി) അരുവിക്കരയില്‍ തുടങ്ങാനുദ്ദേശിച്ചിരുന്ന ബോട്ടലിങ്ങ് പ്ലാന്റിന്റെ പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും പകര്‍പ്പ് ലഭ്യമാക്കാമോ ;

(സി) സ്വകാര്യ കുടിവെള്ളകമ്പനിക്കാരെ സഹായിക്കാനാണ് സര്‍ക്കാര്‍ പ്രസ്തുത പദ്ധതി മരവിപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; വിശദാംശം നല്‍കുമോ ;

(ഡി) പ്രസ്തുത പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; പ്രസ്തുത പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കില്‍ എന്നത്തേക്ക് കമ്മീഷന്‍ ചെയ്യാന്‍ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സായിഗ്രാമത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

5703 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സായിഗ്രാമത്തിൽ ജലസേചന വകുപ്പ് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിക്കും എന്തുതുക വീതം വകകൊള്ളിച്ചിരുന്നെന്നും അതിൽ ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ചെറുകിട കുടിവെള്ള പദ്ധതികൾ</u>

5704 ശ്രീ. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ആരംഭിച്ചതും പണി പൂർത്തീകരിക്കാത്തതുമായ എത്ര ചെറുകിട കുടിവെള്ള പദ്ധതികൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആകെ അടങ്കൽ തുകയും നാളിതുവരെ ചെലവഴിച്ച തുകയും അറിയിക്കുമോ;

(സി) മൈലം ഗ്രാമപഞ്ചായത്തിൽപ്പെടുന്ന അന്തമൺ ചെറുകിട കുടിവെള്ള പദ്ധതിയുടെ പണി ആരംഭിച്ചത് എന്നാണെന്നും അടങ്കൽ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ; പദ്ധതിയുടെ എത്ര ശതമാനം പണി പൂർത്തിയായിട്ടുണ്ട്;

(ഡി) പണി പകുതിവഴിയിൽ തടസ്സപ്പെടുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(ഇ) മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ</u>

5705 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2012-2013, 2013-2014 വർഷങ്ങളിൽ വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജലവിതരണ പദ്ധതികൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടെണ്ടർ ചെയ്തവ, ടെണ്ടർ ചെയ്യാനുള്ളവ, പൂർത്തീകരിച്ചവ, നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ കുടിവെള്ളത്തിലെ രാസമാലിന്യങ്ങൾ</u>

5706 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കുടിവെള്ളത്തിൽ അപകടകരമായ വിധത്തിൽ രാസമാലിന്യങ്ങളായ നൈട്രേറ്റിന്റേയും ഫ്ളൂറൈഡിന്റെയും സാന്നിധ്യമുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014–ലെ മറുപടിക്ക്

<u>ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ലൈൻ എക്സ്റ്റൻഷൻ</u>

5707 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ലൈൻ എക്സ്റ്റൻഷന് നബാർഡിന്റെ സഹായം തേടിയത് എന്നാണ്;

(ബി) പ്രസ്തുത പദ്ധതിക്കായി നബാർഡ് എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**തൃക്കാക്കര, കളമശ്ശേരി, കൊച്ചി കോർപ്പറേഷൻ എന്നിവിടങ്ങളിലെ ജലവിതരണ - സ്വീവേജ് പദ്ധതികൾ**

5708 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര, കളമശ്ശേരി എന്നീ നഗരസഭകളെ ബന്ധിപ്പിച്ച് ജലവിതരണ പദ്ധതി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൃക്കാക്കര മുനിസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ എന്നിവയെ ബന്ധിപ്പിച്ച് സ്വീവേജ് പദ്ധതി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള വിതരണം</u>

5709 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള കുടിവള്ള വിതരണ ശൃംഖലകളിൽ എത്രയിടത്ത് വാൽവുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാൽവുകൾ പ്രവർത്തിപ്പിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര നാളുകളായി അവ ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

എടപ്പാൾ ഡാമിലെ കുടിവെള്ള പദ്ധതി

5710 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടപ്പാൾ ഡാമിലെ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനകാലാവധി എത്ര വർഷമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് സ്ഥാപിക്കാത്തത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജലവിതരണ പദ്ധതി</u>

5711 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതിയിൽനിന്നു കുടിവെള്ളം ലഭിക്കുന്നതിലേക്കായി നാളിതുവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകൾ പ്രകാരം എത്ര പേർക്ക് കണക്ഷൻ ലഭ്യമാക്കിയെന്നും അറിയിക്കുമോ;

(ബി) ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ ഏതൊക്കെ വാർഡുകളിലാണ് കണക്ഷൻ നൽകുന്നത്; പ്രസ്തുത വിവരം പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഗുണഭോക്താക്കളെ അറിയിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുതെന്ന് വ്യക്തമാക്കുമോ;

(സി) കണക്ഷൻ നൽകുന്നതിന് ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് ഇടനിലക്കാർ പണം ഈടാക്കുന്നുവെന്നും ആയതിന് ഒരു വിഭാഗം ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നുവെന്നുമുള്ളതായ പത്ര വാർത്തകളും പ്രസ്തുത വിഷയത്തിൽ രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) വാട്ടർ കണക്ഷനുവേണ്ടി ഗുണഭോക്താക്കൾ അടയ്ക്കേണ്ട തുക എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(എഫ്) പ്രസ്തുത വിഷയത്തിൽ നിരന്തരമുണ്ടാകുന്ന അക്ഷേപങ്ങൾ ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി പ്രദേശത്തെ പൊതുജനങ്ങളെയും ജനപ്രതിനിധികളെയും വിശദാംശങ്ങൾ ബോദ്ധ്യപ്പെടുത്തുവാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജല വിതരണ പദ്ധതി</u>

5712 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുവാൻ ഇപ്പോൾ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത കരാറുകാരന് പണി പൂർത്തീകരിക്കുവാൻ അനുവദിച്ച് നൽകിയിട്ടുള്ള കാലാവധി എത്രയാണ്; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ജോലികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ഇല്ലിക്കൽ പമ്പ് ഹൗസിന്റെ കേടുപാടുകൾ തീർക്കുന്നതിന് നടപടി</u>

5713 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി, കയ്പമംഗലം പഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനായുള്ള ഇല്ലിക്കൽ പമ്പ് ഹൗസിന്റെ 11 കെ. വി. യാർഡ് കേടുപാടുകൾ സംഭവിച്ച് അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് പരിഗണനയിലുണ്ടോ;

(സി) പമ്പ്ഹൗസിന്റെ കേടുപാടുകൾ ഉടനടി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കുടിവെളള പദ്ധതികൾ

5714 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം കുടിവെളള പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്; ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) പൂർത്തിയാക്കാനുളള ഓരോ പദ്ധതിയുടേയും ഭരണാനുമതി തുക, അടങ്കൽ തുക എന്നിവ എത്രയെന്ന് അറിയിക്കുമോ; എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്ന് വിശദമായി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കടുത്തുരുത്തി സബ്ഡിവിഷന്റെ കീഴിൽ കെ.ഡബ്ല്യു.എ. നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ</u>

5715 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സബ്ഡിവിഷന്റെ കീഴിൽ കെ.ഡബ്ല്യൂ.എ നടപ്പാക്കിയ വെളിയന്നൂരിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ളപദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ബി) കടുത്തുരുത്തി സബ്ഡിവിഷന്റെ കീഴിൽ കടുത്തുരുത്തി, വൈക്കം മണ്ഡലങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടി കോട്ടയം ജില്ലയിൽ മൂവാറ്റുപുഴയാറിന്റെ തീരത്ത് ചങ്ങലപ്പാലത്ത് നിർമ്മിച്ച ട്രീറ്റ്മെന്റ് പ്ലാന്റും കിണറും ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുണ്ടോ; ഇവിടെ നിന്ന് കടുത്തുരുത്തി, വൈക്കം നിയോജകമണ്ഡലങ്ങൾക്ക് ആവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് കഴിയുമോ എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) വൈക്കം മണ്ഡലത്തിൽ ഉൾപ്പെടുന്നതും കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നതുമായ കല്ലറ, വെള്ളൂർ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം സുഗമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കടുത്തുരുത്തി, മുളക്കുളം, ഞീഴൂർ, വെള്ളൂർ, കല്ലറ, ഉഴവൂർ, വെളിയന്നൂർ പഞ്ചായത്തുകൾക്കുവേണ്ടി കെ.ഡബ്ല്യൂ.എ. അനുവദിച്ച പദ്ധതി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ;

(ഇ) കല്ലറ പഞ്ചായത്തിലേക്ക് വെട്ടിക്കാട്ട്മുക്ക് ടാങ്കിൽ നിന്ന് നേരിട്ട് ജലവിതരണം നടത്താനുള്ള പൈപ്പ്ലൈനിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിലൂടെ കല്ലറ പഞ്ചായത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണ്;

# കേരള നിയമസഭ

## 02.07.2014-ലെ മറുപടിക്ക്

(എഫ്) തലയാഴം പദ്ധതിയിൽനിന്ന് കടുത്തുരുത്തി പ്രദേശത്ത് കുടിവെള്ളമെത്തിക്കാൻ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; ഇതു സംബന്ധിച്ച് കെ.ഡബ്ല്യൂ.എ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതി</u>

T5716 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി - പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സഹായകരമായ "കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതി"യുടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്തുനിന്ന് സ്ഥലം വിട്ടുനൽകുന്നതു സംബന്ധിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി 1.25 ഏക്കർ സ്ഥലം വേണമെന്ന ജലവിഭവ വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്രയും സ്ഥലം വിട്ടു നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ കുടിവെള്ള പദ്ധതികള്‍</u>

5717 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം മലപ്പുറം ജില്ലയില്‍ എത്ര കുടിവെളള പദ്ധതികള്‍ ആരംഭിച്ചുവെന്നും എത്രയെണ്ണം പുതുതായി ആരംഭിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി ആരംഭിക്കുന്ന പദ്ധതികള്‍ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികള്‍ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) താനൂര്‍ നിയോജകമണ്ഡലത്തില്‍ പ്രവൃത്തി നടക്കുന്ന എത്ര കുടിവെള്ള പദ്ധതികളുണ്ടെന്നും അവയുടെ പണി എന്ന് പൂര്‍ത്തിയാകുമെന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ വരൾച്ചാദുരിതാശ്വാസ പദ്ധതികൾ</u>

5718 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത പദ്ധതികൾക്ക് എന്തുതുക ചെലവായെന്നും വിശദമാക്കുമോ;

(ബി) കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

നേതാജിനഗറിലെ ചെങ്കിലം പാടം കുളത്തിന്റെ നവീകരണം

5719 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര വാർഡിൽ നേതാജി നഗറിലെ ചെങ്കിലംപാടം കുളത്തിന്റെ നവീകരണ-ശുചീകരണപ്രവർത്തനങ്ങൾ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) വളരെയധികം ജനങ്ങൾ തിങ്ങിപാർക്കുന്ന മേഖലയിൽ ഉള്ള പ്രസ്തുത കുളത്തിന്റെ ശുചീകരണ-നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>മല്ലപ്പള്ളി വലിയതോടിന്റെ സംരക്ഷണം</u>

5720 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി വലിയതോടിന്റെ സംരക്ഷണത്തിനുവേണ്ടി ആസൂത്രണം ചെയ്ത പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോട് പാര്‍ശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി</u>

5721 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി മണ്ഡലത്തില്‍പ്പെട്ട പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് ആഴംകൂട്ടി, പാര്‍ശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വര്‍ഷകാലങ്ങളില്‍ കപ്പത്തോട് കരകവിഞ്ഞൊഴുകി കൃഷിക്കും മറ്റും വ്യാപകമായ നാശനഷ്ടങ്ങള്‍ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി കപ്പത്തോടിന് പാര്‍ശ്വഭിത്തികെട്ടി സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണം</u>

5722 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇടപ്പള്ളി തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ നിർമ്മാണം ഏതു ഘട്ടംവരെയായിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

എഫ്) തോടിന്റെ അരികുകളിൽ കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ എന്തുനടപടി സ്വീകരിച്ചു വെന്നറിയിക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>ആവണംകോട് ലിഫ്റ്റ് ഇറിഗേഷന്‍ കനാലുകളിലൂടെയുള്ള ജലവിതരണ</u>

5723 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി വില്ലേജില്‍ നായത്തോട് പ്രദേശത്ത് കോസ്റ്റ് ഗാര്‍ഡിനായുള്ള സ്ഥലമെടുപ്പ് നടപടികള്‍മൂലം മുറിഞ്ഞുപോകുന്ന ആവണംകോട് ലിഫ്റ്റ് ഇറിഗേഷന്‍ കനാലുകളിലൂടെയുള്ള ജലവിതരണ സംവിധാനങ്ങള്‍ തടസ്സപ്പെടാതിരിക്കാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കേരളാ വാട്ടർ അതോറിറ്റിയിലെ ഇ.പി.ആർ. പദ്ധതി</u>

5724 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ ഇ.പി. ആർ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലുടെ കേരള വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് തയ്യാറാക്കിയത് ആയതിന്റെ ചെലവ് എത്ര രൂപയായിരുന്നു; എത്ര രൂപയാണ് പദ്ധതിക്കായി വിഭാവന ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിനുളള സമ്പത്തിക സ്രോതസ്സ് ഏതാണെന്ന് അറിയിക്കുമോ; പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഏതാണ്; ഏജൻസിയെ തെരഞ്ഞെടുത്തത് എപ്രകാരമാണ്; ഏജൻസികളുടെ യോഗ്യതകളായി എന്തൊക്കെയാണ് നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(എഫ്) പദ്ധതിക്കായി ടെണ്ടർ വിളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾ പങ്കെടുത്തു; ഓരോ ഏജൻസിയും എത്ര തുകയാണ് കോട്ട് ചെയ്തതെന്ന് അറിയിക്കുമോ;

(എച്ച്) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ. പദ്ധതി എന്നത്തേക്ക് പൂർത്തികരിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഐ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലുടെ ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; ആയതിന് യുസേഴ്സ് ഫീ പിരിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

5725 ശ്രീ. ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. രാജു എബ്രഹാം
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും മറ്റ് അനുബന്ധ ദൈനംദിന ചെലവുകൾക്കുമായി ഈ സാമ്പത്തിക വർഷം എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും കുടിവെള്ള ചാർജ്ജിനത്തിൽ എന്തു തുക വരവ് പ്രതീക്ഷിക്കുന്നുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത വ്യത്യാസം നികത്താനായി പദ്ധതിയേതര സഹായമായി കേരള വാട്ടർ അതോറ്റിക്ക് എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വരവുചെലവുകളിലെ അന്തരം കുടിവെള്ള വിലയെ ബാധിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നിനുവേണ്ടി കുഴിക്കുന്ന റോഡുകളുടെ പുനർനിർമ്മാണം</u>

5726 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡുകൾ കുഴിക്കുമ്പോൾ റോഡുകൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള തുക ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൃത്യമായി നൽകാറുണ്ടോ; വിശദമാക്കുമോ;

(ബി) ചേർത്തല മണ്ഡലത്തിലെ ഈ ഇനത്തിലെ ജോലികൾ ചെയ്ത വകയിൽ പൊതുമരാമത്ത് വകുപ്പിന് തുക നൽകാനുണ്ടോ എന്ന് അറിയിക്കുമോ; ഇപ്രകാരം കുടിശ്ശികയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി</u>

5727 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിരിച്ചെടുക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹികം, ഗാർഹികേതരം, വ്യവസായം എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക വേർതിരിച്ച് വ്യക്തമാക്കുമോ ;

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പിരിച്ചെടുക്കാനുള്ള വെള്ളക്കരകുടിശ്ശിക</u>

5728 ശ്രീ. സി. ദിവാകരൻ
'' കെ. രാജു
'' കെ. അജിത്
'' ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഅതോറിട്ടി പിരിച്ചെടുക്കാനുള്ള വെള്ളക്കരകൂടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹികം, ഗാർഹികേതരം, വ്യവസായം എന്നീ താരിഫുകളിൽ ഓരോന്നിലും എത്ര വീതം തുക പിരിഞ്ഞു കിട്ടാനുണ്ട്; പ്രസ്തുത കൂടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയുടെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ജല അതോറിറ്റി പിരിച്ചെടുക്കാനുള്ള വെള്ളക്കരം കുടിശ്ശിക</u>

5729 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഅതോറിറ്റി പിരിച്ചെടുക്കാനുള്ള വെള്ളക്കരം കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ;

(ബി) വ്യവസായം, ഗാർഹികം, ഗാർഹികേതരം എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും എത്ര കണക്ഷനുകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിൽ നിന്നും പിരിച്ചെടുക്കേണ്ട കുടിശ്ശികത്തുക എത്ര വീതമെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നും ഈ നടപടികൾ മൂലം എത്ര തുക പിരിച്ചെടുത്തെന്നും അറിയിക്കുമോ;

(ഡി) ബാക്കി തുക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി ക്ക് നൽകാനുള്ള തുക</u>

5730 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി ക്ക് എത്ര തുക നൽകാനുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ</u>

5731 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് എൽ.ഐ.സി പോലുള്ള വിവിധ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്താൽ നിർമ്മിക്കുന്നതെന്നും അങ്ങനെ നടപ്പിലാക്കപ്പെടുന്ന പദ്ധതികളുടെ പേര്; ധനസഹായം നൽകുന്ന സ്ഥാപനത്തിന്റെ പേര്; അടങ്കൽ തുക; പണി പൂർത്തിയാക്കുന്നതിനുള്ള കാലാവധി എന്നീ വിശദാംശങ്ങൾ ജില്ല തിരിച്ചു ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

ഓപ്പറേറ്റ് ചെയ്യാത്ത ക്ലാസ്സ് -IV തസ്തികകൾ

5732 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ 'ഓപ്പറേറ്റ്' ചെയ്യാത്ത ക്ലാസ്സ്- IV തസ്തികകൾ നിലവിലുണ്ടോ; അത്തരം എത്ര തസ്തികകൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ക്ലാസ്സ് IV ജീവനക്കാരുടെ 'ഓപ്പറേറ്റ്' ചെയ്യപ്പെടാത്ത തസ്തികകൾ മീറ്റർ റീഡർ തസ്തികകളാക്കി മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

ഇറിഗേഷൻ വകുപ്പിലെ പ്രമോഷനുകൾ

5733 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറാകുന്നതിനുള്ള പ്രൊമോഷന്റെ ഡി.പി.സി. ലിസ്റ്റിൽ നിന്ന് വിജിലൻസ് കേസിന്റെ പേരിൽ നാല് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ മാറ്റി നിർത്തിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാന സ്വഭാവത്തിലുള്ള ഒരു കേസിലുള്ള ഒരു സൂപ്രണ്ടിംഗ് എൻജിനീയർ ചീഫ് എഞ്ചിനീയർ ആകുവാനുള്ള നീക്കം നടത്തുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വിജിലൻസ് കേസുകൾ ഉള്ള ആളുകളെ ചീഫ് എൻജിനീയർ പോലുള്ള സുപ്രധാന തസ്തികകളിൽ നിയമിക്കുന്നതിന് സർവീസ് കോഡ് അനുവദിക്കുന്നുണ്ടോ;

(ഡി) ഡാമുകളെ സംബന്ധിച്ച് സമീപകാലത്ത് വിവാദങ്ങൾ ഉയർന്നുവന്ന പശ്ചാത്തലത്തിൽ ഇറിഗേഷൻ ചീഫ് എൻജിനീയർ പോലുള്ള സുപ്രധാന തസ്തികകളിൽ അനധികൃത സ്വത്ത് സമ്പാദനം പോലുള്ള വിജിലൻസ് കേസ് പെന്റിംഗിൽ ഉള്ളവരെ നിയമിക്കാതിരിക്കുന്നതിനുള്ള ജാഗ്രത കാണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ</u>

5734 ശ്രീ. ജി. സുധാകരൻ
,, കെ. വി. അബ്ദുൾ ഖാദർ
,, ബാബു എം. പാലിശ്ശേരി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷം ശക്തിപ്രാപിച്ചതോടെ കടലാക്രമണം തീരദേശവാസികളെ ദുരിതത്തിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നടപ്പാക്കിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) ഇതിനായി ലഭിച്ച കേന്ദ്ര സഹായവും അതുപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ഡി) നിലവിലുണ്ടായിരുന്ന കടൽഭിത്തികൾ തകർന്നുപോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ചേർത്തല മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം</u>

5735 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണത്തിന് ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത ജോലികളുടെ പുരോഗതിയും വ്യക്തമാക്കുമോ;

(ബി) ചേർത്തലയുടെ തീരമേഖലയായ ആയിരംതൈ പ്രദേശത്ത് ആവർത്തിച്ചുണ്ടാകുന്ന കടൽകയറ്റവും കടൽക്ഷോഭവും എന്തുകൊണ്ടാണെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ കടൽക്ഷോഭം മൂലം ജനങ്ങൾക്കുണ്ടാകുന്ന ദുരിതങ്ങൾക്കും നഷ്ടങ്ങൾക്കും ശാശ്വത പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാത്തതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഈ പ്രദേശത്ത് അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുമെന്ന് ആവർത്തിച്ച് പ്രഖ്യാപനമുണ്ടായിട്ടും നടപടിയാകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ കടൽഭിത്തി നിർമ്മാണം</u>

5736 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെമ്പരിക്ക, കോട്ടിക്കുളം, തൃക്കണ്ണാട, കൊപ്പൽ, കണ്ണി എന്നീ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള രൂക്ഷമായി കടലാക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥിരമായി കടലാക്രമണം പ്രതിരോധിക്കുന്നതിന് പ്രസ്തുത സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തികൾ കെട്ടുന്നതിന് നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

ദേശീയ ജലപാതയിലെ ചരക്ക് കയറ്റിറക്ക് ടെർമിനലുകൾ

5737 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ ബാർജുകളിൽ ചരക്കുകൾ കയറ്റിറക്ക് നടത്തുന്നതിന് ഏതൊക്കെ സ്ഥലങ്ങളെയാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ യന്ത്രവൽകൃത കയറ്റിറക്ക് സംവിധാനം സ്ഥാപിക്കുന്നുണ്ടോ;

(സി) പ്രസ്തുത ജലപാത എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?